

## മുത്തങ്ങയിലേക്കുള്ള വഴി

**ആദിവാസിഭൂമി സ്വകാര്യവ്യക്തികൾ കയ്യേറി, ആദിവാസികളെ കുടിയിറക്കിയതെങ്ങനെയാണെന്ന് ഇപ്പോൾ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടു വരുന്നുണ്ട്. എന്നാൽ സർക്കാർ തന്നെ ആദിവാസികളെ സ്വന്തം ഭൂമിയിൽ അഭയാർത്ഥികളാക്കി മാറ്റിയതെങ്ങനെയെന്ന് ശ്രദ്ധിക്കപ്പെടാതെ പോകുന്നു.**

# വേലി തന്നെ വിളവു തിന്നുമ്പോൾ

● പി.കെ. പ്രകാശ്

1947-നു ശേഷം സർക്കാർ എങ്ങനെ ആദിവാസിഭൂമി സ്വന്തമാക്കി സ്വന്തം മണ്ണിൽ ആദിവാസികളെ അഭയാർത്ഥികളാക്കുന്നു എന്നതിന്റെ ഉദാഹരണമാണ് ചാലക്കുടിപ്പുഴയുടെ വൃഷ്ടി പ്രദേശങ്ങളായ പറമ്പിക്കുളം, കരിയാർ കുറ്റി, നെല്ലിയാമ്പതി വനാന്തരങ്ങളിൽ ജീവിക്കുന്ന കാടർ എന്ന ആദിവാസിവിഭാഗം.

വനംവകുപ്പും വിവധ ജലവൈദ്യുത-ജലസേചനപദ്ധതികളും ആദിവാസികളുടെ ഭൂമി കവർന്നെടുക്കുന്നതിന്റെ ഉദാഹരണം കൂടിയാണ് ഈ ആദിവാസികൾ. ഇവരോടൊപ്പം ഈ വനത്തിൽ താമസിക്കുന്ന മലയർ, മുതുവാൻ, മലമരശർ എന്നിവരും സർക്കാർ നടത്തുന്ന കൈയേറ്റത്തിന്റെ ഇരകളാണ്. തൃശൂർ, പാലക്കാട് ജില്ലകളിൽ വരുന്ന വനത്തിലാണ് കാടർ സെറ്റിൽമെന്റുകൾ.

15 സെറ്റിൽമെന്റുകളിലായി 460 കുടുംബങ്ങളാണുള്ളത്. സമുദ്രനിരപ്പിൽ നിന്ന് 1500 അടി മുതൽ 3500 അടി വരെ ഉയരത്തിലാണ് കാടർ അധിവാസമേഖലകൾ. ഒരു കാലത്ത് ഈ വനമേഖല വനവിഭവങ്ങളാൽ സമ്പുഷ്ടമായിരുന്നു. കാടരുടെ സാമ്പത്തികവ്യവസ്ഥ ഈ വനവിഭവങ്ങളുമായി ബന്ധപ്പെട്ടാണ് നിലനിന്നിരുന്നത്. 1976-ൽ കാടരെ പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പായി (പി.ടി.ജി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. കിർത്താഡ്സ് നടത്തിയ ആന്ത്രോപ്പോളജി പഠനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. ഈ പ്രാചീന ആദിവാസി വിഭാഗം അവരുടെനിലനില്പിന് ഏറ്റവും വലിയ വെല്ലുവിളി നേരിട്ടത് സർക്കാറിൽ നിന്ന് തന്നെയാണ്. കേരളത്തിലെ ഇതര ആദിവാസി അധിവാസ മേഖലകൾ 47-നു ശേഷം കുടിയേറ്റക്കാർ കൈയേറിയപ്പോൾ സർക്കാർ തന്നെയായിരുന്നു കാടർ ആദിവാസിഭൂമി എന്നും കൈയേറിയത്. ഈ കൈയേറ്റത്തിന് കൊളോണിയൽ ഭരണത്തിനൊപ്പം പഴക്കമുണ്ട്.

ഇന്ത്യയിലെ പ്രാചീന ആദിവാസിവിഭാഗങ്ങളിലൊന്നായ കാടർ ചാലക്കുടി പുഴയുടെ വൃഷ്ടി പ്രദേശത്ത് മാത്രമാണ് കാണപ്പെടുന്നത്. തേനെടുത്തും മീൻ പിടിച്ചും കിഴങ്ങുകൾ പറിച്ചുമുള്ള നാടോടിജീവിതമാണ് ഇവർ നയിച്ചിരുന്നത്. ബ്രിട്ടീഷുകാരാണ് ഇവരുടെ ഈ സ്വയംപര്യാപ്തമായ ജീവിതവ്യവസ്ഥ ആദ്യം തകർത്തത്. ഇവരുടെ അധിവാസമേഖലകൾ ആദ്യം കൈയടക്കിയത് ബ്രിട്ടീഷുകാരായിരുന്നു.

നെല്ലിയാമ്പതി കുന്നുകൾക്കും ആനമല പർവ്വതനിരകൾക്കും ഇടമലത്താഴ്‌വാരത്തിനും തൃശൂർ സമതലങ്ങൾക്കും ഇടയിലുള്ള ഭൂമിയാണ് ചാലക്കുടി നദീതടം. ഈ നദീതടത്തിലെ വനഭൂമി കേരളത്തിലെ ചാലക്കുടി, വാഴച്ചാൽ, നെന്മാറ ഡിവിഷനുകളിലും തമിഴ്നാട്ടിലെ ഇന്ദിരാഗാന്ധി വന്യജീവിസങ്കേതത്തിലുമാണ് ഇപ്പോൾ ഉൾപ്പെട്ടിരി

## സർക്കാരിന്റെ അനാസ്ഥ

ആദിവാസി ഭൂമി പ്രശ്നം ഇത്രയധികം സങ്കീർണ്ണമായത് മാറിമാറി വന്ന സർക്കാരുകളുടേയും രാഷ്ട്രീയകക്ഷികളുടേയും നിരുത്തരവാദപരമായ സമീപനംകൊണ്ടു മാത്രമാണ്. 1975 നവംബർ 14നാണ് നിയമം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയത്. എന്നാൽ നിയമം നടപ്പിലാക്കാൻ വേണ്ട ചട്ടങ്ങൾ രൂപവത്കരിച്ചത് ഒരു ദശകത്തിനുശേഷം 1986ൽ മാത്രമാണ്. 1975ൽ തന്നെ നിയമം നടപ്പിലാക്കിയിരുന്നുവെങ്കിൽ ചെറുകിട കുടിയേറ്റകർഷകരിൽ പലരും കേസുകളിൽ കുടുങ്ങുകയില്ലായിരുന്നു. പഴയ കുടിയേറ്റക്കാർ തട്ടിയെടുത്ത ഭൂമി കൈമാറ്റം ചെയ്തു പോയതും യഥാർത്ഥ വില നൽകി പലരും ആദിവാസിഭൂമി വാങ്ങിയതും 1975നു ശേഷമാണ്. നിയമം പാസാക്കിയതിനു ശേഷം നടന്ന കൈമാറ്റങ്ങളെങ്കിലും സർക്കാരിന് തടയാമായിരുന്നു. കുടിയേറ്റ കർഷകരുടെ ശക്തമായ എതിർപ്പു മൂലം തീർപ്പാക്കിയ കേസുകളിൽ പോലും വിധി നടപ്പാക്കാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിരുന്നില്ല. 1994ൽ കാഞ്ഞിരപ്പള്ളിയിൽ കുടിയേറ്റകർഷകർ തഹസീൽദാരുടെ ജീപ്പ് കത്തിക്കുകയും അട്ടപ്പാടിയിൽ സബ് കലക്ടറെ കൈയ്യേറ്റം ചെയ്യുകയുമുണ്ടായി. സംഘർഷം രൂക്ഷമാകുന്നു എന്ന ധാരണയുണ്ടാക്കി വിധി നടപ്പാക്കുന്നത് തടയാൻ ആസൂത്രിതമായി നടപ്പാക്കിയ ആക്രമണങ്ങളായിരുന്നു ഇതെന്ന് ആദിവാസിസംഘടനകൾ ആരോപിച്ചു. വാസ്തവമെന്തായിരുന്നാലും ഈ രണ്ടു സംഭവങ്ങളിലും കുറ്റക്കാരായ കുടിയേറ്റകർഷകരെ ശിക്ഷിക്കുന്നതിനു പകരം അക്രമത്തിനിരയായ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയാണ് എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ ഭരണത്തിലിരുന്ന യു. ഡി. എഫ്. സർക്കാർ ചെയ്തത്.

●സുചിത്ര. എം

ക്കുന്നത്. ആനമല നിരകളിൽ നിന്ന് ഉത്ഭവിക്കുന്ന ഷോളയാർ, പറമ്പിക്കുളത്തിന് വടക്കുഭാഗത്തു നിന്ന് ഉത്ഭവിക്കുന്ന തേക്കടിയാർ, പറമ്പിക്കുളം മേഖലയിലെ തുണക്കടവ്, പെരുവാരിപ്പള്ളം, പറമ്പിക്കുളം ആറുകൾ, നെല്ലിയാമ്പതി വനമേഖലയിൽ നിന്ന് ഉത്ഭവിക്കുന്ന കാരപ്പാറ എന്നിവയാണ് പ്രധാന പോഷകനദികൾ. ഏത് കാലഘട്ടത്തിലും വനനശീകരണം അരങ്ങേറിയ, ഇപ്പോഴും അരങ്ങേറിക്കൊണ്ടിരിക്കുന്ന ഒരു നദീതടമാണിത്. 1830കളിൽ ബ്രിട്ടീഷുകാർ നെല്ലിയാമ്പതിയിൽ പ്ലാന്റേഷൻ സ്ഥാപിച്ചു. കാട്ടുവെട്ടി കാപ്പി പോലുള്ള നാണ്യവിളകളാണ് കൃഷിയിറക്കിയത്. ഇതോടെ ഏറ്റവും നിബിഡവും വൈവിധ്യമാർന്നതുമായ ആനമല വനത്തിന്റെ നാശമാരംഭിച്ചു. ഒപ്പം ആദിവാസിഭൂമി അന്യാധീനപ്പെടലും. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പറമ്പിക്കുളത്തു നിന്ന് തടി വെട്ടിയിറക്കുന്നതിന് ബ്രിട്ടീഷുകാർ ട്രാംവേ ആരംഭിച്ചു. ചാലക്കുടിയിലെ ആനമല ഡിപ്പോയിലേക്ക് ട്രാംവേയിലൂടെ കോടിക്കണക്കിന് രൂപയുടെ തടികളെത്തി. ഇതിൽ പറമ്പിക്കുളത്തെയും സമീപപ്രദേശങ്ങളിലെയും വനങ്ങൾ വ്യാപകമായി നശിപ്പിക്കപ്പെട്ടു. ചാലക്കുടിയിൽ നിന്ന് വാൽപാറയിലേക്ക് നിർമ്മിച്ച ആനമലറോഡ് വ്യാപകമായ കള്ളത്തടി വെട്ടിന് വഴിയൊരുക്കി. പ്രധാന താഴ്‌വരകളിലെ വനങ്ങൾ മിക്കവാറും തേക്കിൻ തോട്ടങ്ങളായി മാറ്റപ്പെട്ടു. ഇതിന് പിന്നാലെയെത്തിയ അണക്കെട്ടുകളുടെ ശൃംഖല ബാക്കിയുള്ള സ്വാഭാവിക വനങ്ങളെയും ഈ വനങ്ങളിലെ ആദിവാസി മേഖലകളും കൈയേറി.

ചാലക്കുടി പുഴയിലും കൈവഴികളിലുമായി ആറ് വൻകിട അണക്കെട്ടുകൾ നിർമ്മിക്കപ്പെട്ടു. കേരള അതിർത്തിയിലെ മലക്കപ്പാറയിലെ അപ്പർ ഷോളയാർ അണക്കെട്ടിന്റേതാണ് ഏറ്റവും വലിയ റിസർവോയർ. പറമ്പിക്കുളം-ആലിയാർ പദ്ധതികളുടെ ഭാഗമായ മൂന്ന് ജലസേചന-ജലവൈദ്യുത അണക്കെട്ടുകളുടെയും ലോവർ ഷോളയാർ, പൊരിങ്ങൽകുത്ത് എന്നീ ജലവൈദ്യുത പദ്ധതികളുടെയും ഡാമുകളും അവയിലേക്കുള്ള റോഡുകളും കോളനികളും പവർ ഹൗസും വൈദ്യുതി ലൈനുകളുമെല്ലാം ആയിരക്കണക്കിനേക്കാർ ജൈവവൈവിദ്ധ്യസമ്പന്നമായ വനങ്ങൾക്കൊപ്പം ആ വനങ്ങളിലെ ആദിവാസിമേഖലകളും കൈയേറി. പറമ്പിക്കുളം- ആലിയാർ പദ്ധതിയുടെ മൂന്ന് അണക്കെട്ടുകൾ പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഈ മേഖലയിൽ ആദിവാസികൾ ആശ്രയിച്ചിരുന്ന 3000 ഹെക്ടർ സ്വാഭാവികവനം ജലാശയത്തിനടിയിലാക്കി. ഇതുകൂടാതെ കാരപ്പാറ, കരിയാർകുറ്റി എന്നീ പദ്ധതികളും ചാലക്കുടി പുഴയുടെ നിത്യഹരിത വനങ്ങൾക്ക് ഭീഷണിയായി. ഈ പദ്ധതികൾ വഴിയും ആയിരക്കണക്കിന് ഹെക്ടർ വനഭൂമി നശിപ്പിക്കപ്പെട്ടു. ഇത്തരത്തിൽ ജലവൈദ്യുത പദ്ധതികൾ ആദിവാസിമേഖലകളെ ഇല്ലാതാക്കുകയും ആദിവാസികളെ സ്വന്തം മണ്ണിൽ നിന്ന് പറിച്ചെറിയുകയും ചെയ്തു. ആതിരപ്പള്ളി വനാന്തരത്തിലെ പൊകലപ്പാറ കാടർ ആ

## കാടർ സെറ്റിൽമെന്റുകൾ – തൃശ്ശൂർ ജില്ല

| സെറ്റിൽമെന്റിന്റെ പേര് | കുടുംബങ്ങളുടെ എണ്ണം | ഫോറസ്റ്റ് റേഞ്ച് |
|---|---|---|
| മലക്കപ്പാറ | 50 | ഷോളയാർ |
| ഷോളയാർ പവർഹൗസ് | 21 | ഷോളയാർ |
| ആനക്കയം | 14 | ഷോളയാർ |
| വാച്ചുമരം | 39 | വാഴച്ചാൽ |
| പൊരിങ്ങൽകുത്ത് | 22 | വാഴച്ചാൽ |
| വാഴച്ചാൽ | 60 | ചാർപ്പ |
| പൊകയിലപ്പാറ | 19 | കൊല്ലത്തിരുമേട് |
| ആനപ്പാന്തം | 49 | വെള്ളിക്കുളങ്ങര |

## ആദിവാസി ഭൂനിയമത്തിന്റെ ചരിത്രം

ആദിവാസികൾ എല്ലാ കാലത്തും എല്ലായിടത്തും വഞ്ചിക്കപ്പെടുന്നവരാണെന്നതിനാൽ 1950 ജനവരി 26നു ശേഷം രാജ്യത്തു നടന്ന ആദിവാസിഭൂമികൈമാറ്റങ്ങൾ റദ്ദാക്കണമെന്ന് ധേബർ കമ്മീഷൻ ശുപാർശ ചെയ്യുന്നു.

1975ൽ കേരളനിയമസഭ ആദിവാസിഭൂമി സംരക്ഷിക്കുന്ന നിയമം ഏകകണ്ഠമായി പാസാക്കുന്നു. 1960 ജനവരി ഒന്നു മുതൽ മുൻകാല പ്രാബല്യം നൽകുന്നു. ഭരണഘടനയുടെ ഒമ്പതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നു.

1975 നവംബർ 17ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നു. നവംബർ 14ന് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു.

നിയമം പ്രായോഗികമാക്കാനുള്ള ചട്ടങ്ങൾ 1986 ജനവരി 24ന് രൂപവത്ക്കരിക്കുന്നു. 1982 മുതൽ പ്രയോഗത്തിൽ വന്നതായി വിജ്ഞാപനം ചെയ്യുന്നു.

നിയമം ആറുമാസത്തിനുള്ളിൽ നടപ്പാക്കണമെന്ന് 1993 ഒക്ടോബർ 13ന് ഹൈക്കോടതി വിധിക്കുന്നു. കാലാവധി പലതവണ നീട്ടുന്നു. 1996 ഏപ്രിൽ 14ന് കാലാവധി അവസാനിക്കുന്നു.

1996 സപ്തംബറിൽ നിയമസഭ ആദിവാസി ഭൂനിയമ ഭേദഗതി ബില്ല് (കെ. ആർ. ഗൗരിയമ്മയുടെ മാത്രം വിയോജിപ്പോടെ) പാസാക്കുന്നു. ബില്ലിനെതിരെ ആദിവാസി വികസന പ്രവർത്തന സമിതി കൺവീനർ സി. കെ. ജാനുവിന്റേയും മറ്റും നേതൃത്വത്തിൽ ശക്തമായ പ്രക്ഷോഭം.

1997ൽ ബില്ല് ആദിവാസി വിരുദ്ധമെന്നുകണ്ട് അംഗീകാരം നൽകാതെ രാഷ്ട്രപതി തിരിച്ചയക്കുന്നു.

1999 ഫെബ്രുവരി 3ന് നിയമസഭ പഴയ നിയമം ഏകകണ്ഠമായി റദ്ദു ചെയ്യുന്നു. പ്രസിഡന്റിന്റെ അംഗീകാരം ആവശ്യമില്ലാതാക്കാൻ പുതിയനിയമം കാർഷികഭൂമിയുടെ പരിധിയിൽപ്പെടുത്തുന്നു. നിയമയുദ്ധം തുടരുന്നു.

ദിവാസി കോളനിയിലെ കാഞ്ചന, ദേശീയ കമ്മീഷൻ ചെയർമാൻ വിഭ പാർഥസാരഥിക്ക് അയച്ച പരാതിക്കത്ത് ഈ കൈയേറ്റത്തിന്റെ തീവ്രത തെളിയിക്കുന്നു- 'ചാലക്കുടി നദീതടത്തിലെ മഴക്കാടുകളിൽ ജീവിച്ചിരുന്നവരാണ് ഞങ്ങൾ. നെല്ലിയാമ്പതി, പറമ്പിക്കുളം, ഷോളയാർ, പെരിങ്ങൽക്കുത്ത്, വാഴച്ചാൽ പ്രദേശങ്ങളിലായിരുന്നു ഞങ്ങളുടെ പൂർവ്വികർ ആദ്യം താമസിച്ചിരുന്നത്. കഴിഞ്ഞ 50 വർഷമായി വിവിധ പദ്ധതികളുടെ നിർമ്മാണത്തിന് വേണ്ടി വനത്തിന്റെ ഒരു ഭാഗത്തു നിന്ന് മറ്റൊരുഭാഗത്തേക്ക് ഞങ്ങൾ പറിച്ചെറിയപ്പെട്ടുകൊണ്ടിരിക്കുന്നു. പറമ്പിക്കുളം, പെരിവാരിപ്പള്ളം, ഷോളയാർ, പൊരിങ്ങൽകുത്ത് ഡാമുകളുടെ നിർമ്മാണത്തിന് വേണ്ടിയാണ് ഞങ്ങൾ ആദ്യം കുടിയിറക്കപ്പെട്ടത്. കൃത്യമായ നഷ്ടപരിഹാരമോ പുനരധിവാസ സൗകര്യമോ നൽകാതെയായിരുന്നു ഇതെല്ലാം. ഇപ്പോൾ പൊകലപ്പാറയിലും വാഴച്ചാലിലും താമസിക്കുന്ന ഞങ്ങൾ വീണ്ടുമൊരു കുടിയിറക്ക് ഭീഷണിയിലാണ്. ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് വാഴച്ചാലിൽ നിർമ്മിക്കുന്ന ഡാമിന് വേണ്ടിയാണ് ഈ നൂറ്റാണ്ടിലെ ഞങ്ങളുടെ ആദ്യത്തെ കുടിയിറക്കിന് വഴിയൊരുങ്ങിയിരിക്കുന്നത്. തങ്ങളുടെ ഉപജീവനമാർഗ്ഗമായ വനം നശിപ്പിച്ചുകൊണ്ട് വനവിഭവങ്ങൾ ശേഖരിക്കാനും മത്സ്യബന്ധനം നടത്താനുമുള്ള തങ്ങളുടെ അവസരം നിഷേധിച്ചുകൊണ്ടാണ് ഈ കുടിയിറക്കൽ. പരിസ്ഥിതിയോട് ഇണങ്ങി ജീവിക്കാനും ഭക്ഷ്യവസ്തുക്കൾ വനത്തിൽ നിന്ന് ശേഖരിക്കാനുള്ള ഞങ്ങളുടെ അവകാശം സംരക്ഷിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.'- അതിരപ്പള്ളി ജലവൈദ്യുതപദ്ധതിക്ക് വേണ്ടി 2001-ൽ കാടരെ വീണ്ടും കുടിയിറക്കാനുള്ള നീക്കമാരംഭിച്ചപ്പോഴാണ് ആദിവാസിപ്പെൺകുട്ടി ഈ കത്തെഴുതിയത്.

***അവലംബം: 'അന്യാധീനപ്പെടുന്ന ഭൂമി - ആദിവാസി ഭൂമിപ്രശ്നത്തിന്റെ ചരിത്രവും രാഷ്ട്രീയവും'***

# സംസ്ഥാന സർക്കാരും ആദിവാസികളും ഒപ്പുവെച്ച കരാർ

ആദിവാസി സമരം ഒത്തുതീർപ്പാക്കുന്നതിനായി ബഹു. കേരളമുഖ്യമന്ത്രി 2001 ഒക്ടോബർ മാസം 16-ാം തീയതി വിളിച്ചുകൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ.

1. ആദിവാസി നേതാക്കൾ മുന്നോട്ടുവച്ച ഓരോ കുടുംബത്തിനും അഞ്ചേക്കറിൽ കുറയാത്ത ഭൂമി ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ച് ഇത് സാദ്ധ്യമാക്കുന്ന സുഗന്ധഗിരി, പൂക്കോട് ഉടങ്ങിയ പ്രൊജക്റ്റ് പ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് അഞ്ചേക്കർ ഭൂമി വീതം നൽകാൻ തീരുമാനിച്ചു. മറ്റ് സ്ഥലങ്ങളിൽ ഭൂരഹിതരോ ഒരേക്കറിൽ കുറയാത്ത ഭൂമിയോ ഉള്ള ആദിവാസികുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും കൂടുതൽ കൃഷിഭൂമി ലഭ്യമായ സ്ഥലങ്ങളിൽ അഞ്ചേക്കർ വരെയും വിതരണം ചെയ്യുന്നതാണ്. ഭൂമി വിതരണം 2002 ജനുവരി ഒന്നിന് ആരംഭിക്കും.
2. ഇപ്രകാരം നൽകുന്ന ഭൂമിയിൽ നിന്ന് ജീവിക്കാനാവശ്യമായ വരുമാനമുണ്ടാക്കാൻ കാലതാമസമുണ്ടാകും എന്നുള്ളതുകൊണ്ട് ആദിവാസി കുടുംബാംഗങ്ങൾക്ക് സ്ഥിരമായ വരുമാനമുണ്ടാവുന്നതിന് സഹായകരമായ തൊഴിൽസൗകര്യങ്ങളും മറ്റ് സംരംഭങ്ങളും അഞ്ചു വർഷത്തേക്ക് ഏർപ്പെടുത്തുന്നതാണ്.
3. 1999ലെ കേരളസംസ്ഥാന പട്ടികവർഗ്ഗ ഭൂമികൈമാറ്റ നിയന്ത്രണം- അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ നിയമം നടപ്പാക്കുന്നത് നിലവിലെ കേസുകളിൽ സുപ്രീം കോടതിയുടെ അന്തിമവിധി അനുസരിച്ചായിരിക്കും.
4. ആദിവാസികളുടെ കൈവശം ഇപ്പോഴുള്ള ഭൂപ്രദേശങ്ങളും പുതുതായി പതിച്ചുകൊടുക്കുന്നവയും ഷെഡ്യൂൾഡ് ഏരിയയായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാറിനോട് ആവശ്യപ്പെടുന്നതാണ്. ഈ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിവാസികളുടെ ഭൂമിയും സംസ്കാരവും സംരക്ഷിക്കുന്നതിന് സംസ്ഥാനസർക്കാർ നിയമനിർമ്മാണം നടത്തും.
5. ആദിവാസികളുടെ സർവ്വതോന്മുഖമായ വികസനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഒരു മിഷൻ മാതൃകയിൽ സമയബന്ധിതമായി പത്താം പഞ്ചവത്സരപദ്ധതിയുടെ തുടക്കം മുതൽ നടപ്പാക്കുന്നതുമാണ്.
6. ആദിവാസികളുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ്.
7. വയനാട് ജില്ലയിൽ ഭൂരഹിതരായ ആദിവാസികളുടെ ആധിക്യം പരിഗണിച്ച് അവർക്ക് നൽകുന്നതിനാവശ്യമായ ഭൂമി പ്രത്യേകിച്ച് നിക്ഷിപ്ത വനഭൂമി പരമാവധി കേന്ദ്രസർക്കാറിന്റെ അനുമതിയോടെ കണ്ടുപിടിച്ച് സമയബന്ധിതമായി വിതരണം ചെയ്ത് അധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.
8. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആദിവാസിസമരം ഉടൻ പിൻവലിക്കുന്നതാണ്.

ഒപ്പ്
പി.കെ. ശിവാനന്ദൻ
പ്രിൻസിപ്പൽ സെക്രട്ടറി
പട്ടികജാതി-വർഗ വികസന വകുപ്പ്

ഒപ്പ്
വി. കൃഷ്ണമൂർത്തി
ചീഫ് സെക്രട്ടറി

ഒപ്പ്
ഡോ. എം.എ. കുട്ടപ്പൻ
പട്ടികജാതിവർഗ വികസനമന്ത്രി

ഒപ്പ്
എ.കെ. ആന്റണി
മുഖ്യമന്ത്രി

ചർച്ചയിൽ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് മുഖ്യമന്ത്രി എ.കെ. ആന്റണി, റവന്യൂ മന്ത്രി കെ.എം. മാണി, ധനമന്ത്രി കെ. ശങ്കരനാരായണൻ, കൃഷിമന്ത്രി കെ.ആർ. ഗൗരിയമ്മ, വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, പട്ടികജാതി-വർഗ വികസനമന്ത്രി ഡോ. എം.എ. കുട്ടപ്പൻ, ഗ്രാമവികസനമന്ത്രി സി.എഫ്. തോമസ്, ചീഫ് സെക്രട്ടറി വി. കൃഷ്ണമൂർത്തി, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഗോപാലകൃഷ്ണപ്പിള്ള, എം.എ. കുട്ടപ്പന്റെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. ശിവാനന്ദൻ, അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമീഷണർ പാലാട്ട് മോഹൻദാസ്, ധനസെക്രട്ടറി വി.എസ്. സെന്തിൽ, റവന്യൂ സെക്രട്ടറി സാജൻ പിറ്റർ, പ്ലാനിങ് സെക്രട്ടറി എസ്.എൻ. വിജയാനന്ദ്, സെക്രട്ടറി പി. കമാൽകുട്ടി, ലോ സെക്രട്ടറി രാം കുമാർ, വനം സെക്രട്ടറി ഇ.കെ ഭരത്ഭൂഷൻ, എസ്.ഡി.എസ്.ടി സെക്രട്ടറി എൽ. നടരാജൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വി.എസ് വർഗീസ്, എസ്.ടി. ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ എസ്. സുകുമാരൻ, ടൂറിസം ഡയറക്ടർ അൽകേഷ് കുമാർ ശർമ എന്നിവരും ആദിവാസി ദലിത് സമരസമിതിയെ പ്രതിനിധീകരിച്ച് സമരസമിതി ചെയർപേഴ്സൺ സി.കെ. ജാനു, എം. ഗീതാനന്ദൻ, സണ്ണി എം. കപിക്കാട്, ആർ. പ്രസാദ്, സി.ആർ. ബിജോയി, എം.കെ. നാരായണൻ പൂച്ചപ്ര എന്നിവരും പങ്കെടുത്തു.